ശ്രീ. ടി. എസ്. ജോൺ ; അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

1986-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ 9-ാം നമ്പർ സബ് ജക്റ്റു കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ബിൽ സബ്ജക്റ്റു കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 1986-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, 1986-ലെ കേരള സർവ്വേ അതിരടയാള (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

[1 P.M.]

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : 1986-ലെ കേരള സർവേ-അതിരടയാള ഭേദഗതി ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച 2-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, ഞാൻ ഈ പ്രമയത്തെ പിൻതാങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഇത് രണ്ടു ചെറിയ ഭേദഗതികളാണ്. 1961-ലെ കേരള സർവ്വേ അതിരടയാള ആക്ടിലെ 6-ാം വകുപ്പ് 1-ാം ഉപവകുപ്പിനും അതുപോലെതന്നെ പ്രസ്തുത നിയമത്തിലെ 9-ാം വകുപ്പ് 2-ാം ഉപവകുപ്പിനും ഭേദഗതി വരുത്തിക്കൊണ്ടുള്ള ഒരു അമൻറുമെൻറ് ബില്ലാണ് ഇത്. ഇത് രണ്ടും പൊതു നൻമയെ കരുതിയിട്ടുള്ളതാണ്. 1961-ലെ കേരള സർവ്വേ-അതിരടയാള ആക്ടിലെ 4-ാം വകുപ്പോ 5-ാം വകുപ്പോ അനുസരിച്ച് സർവ്വേ നടത്താൻ ഉത്തരവാകുമ്പോൾ അതിനെ സംബന്ധിച്ച്, അതുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനുവേണ്ടി ഒന്നുകിൽ വ്യക്തികൾ നേരിട്ടോ അല്ലെങ്കിൽ ഏജൻറു മുഖേനയോ ഹാജരാകണം. അതനുസരിച്ച് 6-ാം വകുപ്പ് 1-ാം ഉപവകുപ്പ് അനുസരിച്ച് ഗസറ്റിൽ വിജ്ഞാപനം ചെയ്യണമെന്നാണ് വ്യവസ്ഥയുള്ളത്. പൊതു ആവശ്യത്തിനുവേണ്ടി ഭൂമി വിലയ്ക്ക് എടുക്കേണ്ടിവരുമ്പോൾ ഇങ്ങനെ വരുന്ന ഗസറ്റ് വിജ്ഞാപനം ഗസറ്റിലോ അല്ലെങ്കിൽ ആ പ്രദേശത്ത് പ്രചാരമുള്ള രണ്ടു ദിനപത്രങ്ങളിലോ അത് പ്രസിദ്ധീകരിക്കണമെന്നുള്ളതാണ് ഒരു ഭേദഗതി. മറെറാരു ഭേദഗതി പ്രസ്തുത ആക്ടിൽ 9-ാം വകുപ്പ് 2-ാം ഉപവകുപ്പുപ്രകാരം അതിലെ 1-ാം ഉപവകുപ്പനുസരിച്ച് സർവ്വേ ഓഫീസറുടെ തീരുമാനങ്ങളും സംബന്ധിച്ച് നോട്ടീസ്, ആ തീരുമാനങ്ങൾ ഏതെല്ലാം ഭൂമിയുടെ അതിരുകളെ ബാധിക്കുന്നുവോ അങ്ങനെയുള്ള ഭൂമിയുടെ രജിസ്റ്റർ ചെയ്യപ്പെട്ടത് കൈവശക്കാർക്ക് നൽകേണ്ടതാണ്. ഇത് ഒരു വില്ലേജിനെയോ ഒരു താലൂക്കിനെയോ പൊതുവായി ബാധിക്കുന്ന കാര്യമാണ്. പൊതുതൻമയെ കരുതി ഗവൺമെൻറ് അങ്ങനെയുള്ള നോട്ടീസ് എല്ലാവർക്കും സർവ് ചെയ്യാനും അവരിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട കാര്യങ്ങളും ശേഖരിക്കുന്നതും സമയം കൂടുതൽ ആവശ്യമായി വരുമെന്നുള്ളതുകൊണ്ട് പൊതുനൻമയെ കരുതി കാര്യങ്ങളും പെട്ടെന്ന് നടക്കണമെന്നുള്ളതു് മുന്നിൽ കണ്ടുകൊണ്ട് ഗസറ്റിലോ അല്ലെങ്കിൽ രണ്ടു പ്രചാരമുള്ള പത്രങ്ങളിലോ പ്രസിദ്ധീകരിക്കണം എന്നുള്ളതാണ് മറ്റൊരു ഭേദഗതി. ഇത് നമ്മുടെ നാടിന്റെ പൊതുവായ നൻമക്ക് ആവശ്യമാണ്. അതുകൊണ്ട് ചുരുങ്ങിയ ഒരു ചർച്ചയിൽക്കൂടി ഈ പ്രമേയം പാസ്സാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സിറിയക് ജോൺ : സർ, I move that "This House resolves to disapprove the Kerala Survey and Boundaries (Amendment) Ordinance, 1986 (Ordinance No. 38 of 1986)".

ബഹുമാനപ്പെട്ട മന്ത്രി ഇതിനെക്കുറിച്ചുള്ള വിശദീകരണം തന്നപ്പോൾ ഇത് നിരാകരിക്കണമെന്നുള്ള എന്റെ അഭിപ്രായം കൂടുതൽ ബലപ്പെടുകയാണുണ്ടായത്. പൊതുനൻമയെ കരുതി ചിലപ്പോൾ സ്ഥലം അക്വയർ ചെയ്യേണ്ടിവരും. അത് ചിലപ്പോൾ ഷോർട്ട് നോട്ടീസുകൊണ്ടു വേണ്ടിവരും. പക്ഷെ അതുമായി ബന്ധപ്പെട്ട കക്ഷികൾക്ക് ഒരു നോട്ടീസ് പോലും നൽകാതെ അക്വയർ ചെയ്യുമെന്നു ശഠിച്ചാലോ പ്രത്യേകിച്ച് നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മൾ സാക്ഷരതയിലൊക്കെ വളരെ മുൻപന്തിയിലാണ് എന്ന് പറയുന്നുണ്ടെങ്കിലും നാട്ടിൻപുറങ്ങളിലൊക്കെ ഇപ്പോഴും ദിനപത്രങ്ങൾ സ്ഥിരമായി വായിക്കാത്തവർ ധാരാളം ഉണ്ടു എന്നു പറഞ്ഞാൽ അത് നമുക്ക് ഭൂഷണമല്ലായിരിക്കാം. പക്ഷെ വസ്തുതയാണ്. അതുപോലെതന്നെ ബന്ധപ്പെട്ട് പഞ്ചായത്താഫീസുകളിലോ വില്ലേജാഫീസുകളിലോ മുനിസിപ്പലാഫീസുകളിലോ ഇതിനെ സംബന്ധിച്ച നോട്ടീസ്, നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്താൽപ്പോലും അത് ബന്ധപ്പെട്ട കക്ഷി, തൽപ്പരകക്ഷി അറിഞ്ഞുകൊള്ളണമെന്നില്ല, ഇതുപോലെയുള്ള പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ട കക്ഷിക്ക് നേരിട്ട് നോട്ടീസ് നൽകി, അദ്ദേഹത്തിന് അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി, അല്ലെങ്കിൽ അതിന്റെ ഒബ്ജക്ഷൻ, അതല്ലെങ്കിൽ അദ്ദേഹത്തിന് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും അഭിപ്രായം അറിയിക്കാനുണ്ടെങ്കിൽ അതിനുള്ള അവസരം നൽകുക എന്നുള്ളത് നാച്വറൽ ജസ്റ്റിസ് മാത്രമാണ് അതുകൊണ്ടുതന്നെ ഈ ഓർഡിനൻസ് ഇവിടത്തെ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് നിയമമാക്കിമാറ്റിയാൽ അത് നാച്വറൽ ജസ്റ്റിസിന് നിരക്കാത്തതാണ് എന്നുള്ളതുകൊണ്ട് നിലനിൽക്കുമോഎന്നുള്ളത് മറ്റൊരു പ്രശ്നമാണ്. എന്തായാലും ഇത്തരത്തിലുള്ള വളരെ നിസ്സാരമായ, ജനങ്ങൾക്കു നാച്വറൽ ജസ്റ്റിസ് പോലും നിഷേധിക്കുന്ന തരത്തിലുള്ള ഇത്തരത്തിൽ ഓർഡിനൻസ് കൊണ്ടുവരുന്ന പ്രവണത വളരെ ആപൽക്കരമായിട്ടുള്ള മേഖലയിലേക്ക് കടന്നുപോവുകയാണ്. അതുമായി ബന്ധപ്പെടുത്തികൊണ്ടു പറയുമ്പോൾ ചില കാര്യങ്ങളൊക്കെ ചൂണ്ടിക്കാണിക്കേണ്ടതായി വരും. നമ്മുടെ സംസ്ഥാനത്ത് അൺസർവേയ്ഡ് ഭൂമി പല മേഖലകളിലായി നിരവധിയുണ്ട്. അൺസർവേയ്ഡ് ഭൂമി ചില താലൂക്കുകളിലൊക്കെ സർവ്വേ ആരംഭിച്ചിരുന്നു. ഏതാണ്ട് 8–10 വർഷങ്ങൾക്കു മുൻപുതന്നെ ആരംഭിച്ചു. അതുപോലെതന്നെ വളരെകാലങ്ങൾക്കുമുമ്പ്, 100–120 വർഷങ്ങൾക്കുമുമ്പ് സർവ്വേ ചെയ്ത ഭൂമിയെ സംബന്ധിച്ചാണെങ്കിൽ അതിന്റെ ഘടനയെല്ലാം വളരെയേറെ മാറിയിട്ടുണ്ട്. കോഴിക്കോട്ടു, വൈത്തിരി കൊയിലാണ്ടി തുടങ്ങിയ താലൂക്കുകളിൽ റീസർവ്വേ, ചെയ്യുന്നതിനുള്ള നടപടികൾ ഏതാണ്ട് 10 വർഷം മുമ്പുതന്നെ ആരംഭിച്ചതാണ്. റീസർവേയുടെയും അതുപോലെതന്നെ അൺസർവ്വേയ്ഡ് ഏരിയ സർവേ ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളവും

LIBRARY ARCHIVES Kerala Legislative Assembly

മൊക്കെ അന്ന് സർവ്വേ നടത്തിപ്പോയി എന്നുള്ളത് ഒഴിച്ചാൽ പിന്നെ അതിനെ സംബന്ധിച്ച് ഒരു കേസ്പ്പോരും കേഴ്വിയുമില്ല. ഇതിന്റെയൊക്കെ ഗതിയെന്തായി ? അത് സബ്ഡിവിഷൻ നടത്തിയോ അത് റവന്യൂ റിക്കാർഡിൽ പതിച്ചോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളവും സ്ഥലം ഉടമസ്ഥൻമാർക്ക് യാതൊരു വിവരവുമില്ല. പിന്നെ ഇതിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും ഒരു വിവരം കിട്ടുന്നത് അതിന്റെ ചെലവിന്റെ ഇനത്തിൽ അവർക്ക് പണം അടയ്ക്കാൻ നോട്ടീസ് കിട്ടുമ്പോഴാ മാത്രമാണ് അതുതന്നെ 4–5 വർഷങ്ങൾക്കു ശേഷമാണ് കിട്ടുന്നത്. പണമടയ്ക്കാൻ നോട്ടീസ് കിട്ടുന്നതോ അതിലേറെ വിചിത്രമാണ്. ഒരു ഏക്കറോ അര ഏക്കറോ കൈവശമുള്ള കൃഷിക്കാരനു 10 ഏക്കറിനോ 20 ഏക്കറിനോ ഒക്കെ ചാർജ് ചെയ്തിട്ടാണ് നോട്ടീസ് കൊടുക്കുന്നത്. അതേസമയത്ത് 10–20 ഏക്കറുള്ളവർക്ക് അര ഏക്കറിനോ ഒരു ഏക്കറിനോ ഉള്ള ചാർജ് ചെയ്തിട്ടാണ് നോട്ടീസ് അയയ്ക്കുന്നത്. അങ്ങനെ ഈ രംഗമാകെ കുത്തഴിഞ്ഞ രീതിയാണ്. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം ക്ലിപ്തമായിട്ടുള്ള ഒരു വ്യവസ്ഥയുണ്ടാക്കുന്ന കാര്യത്തിൽ ഗവൺമെൻറ് തീർച്ചയായിട്ടും താൽപര്യം എടുക്കണം. അതിന് ഒരു പ്രത്യേക നിഷ്കർഷ കാണിക്കണം. ബൗണ്ടറി തിട്ടപ്പെടുത്താത്തതുകൊണ്ടും അതുപോലെ സബ്ഡിവിഷൻ കഴിയാത്തതുകൊണ്ടുമൊക്കെ നിരവധി പ്രശ്നങ്ങൾ കാർഷിക മേഖലയിൽ ഇന്ന് പുതിയതായി ഉയർന്നുവരുന്നുണ്ട്. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പ്രത്യേകമായിട്ട് ഒന്ന് നിഷ്കർഷിക്കണം.

പൊതു ആവശ്യങ്ങൾക്ക് ഗവൺമെൻറിന് സ്ഥലം ആവശ്യമായി വരുന്ന അവസരത്തിൽ അതിന് ഏതെങ്കിലും നിലയിൽ, ഒരു പൊതു താൽപര്യം മാനിച്ചുകൊണ്ട് പെട്ടെന്നുതന്നെ ഗവൺമെൻറിന് ആ സ്ഥലം ലഭ്യമാക്കുന്ന നടപടിക്രമത്തെ സംബന്ധിച്ചിടത്തോളമൊന്നും വിയോജിപ്പില്ല. പക്ഷേ അങ്ങനെയാണെങ്കിൽ തൽപ്പരകക്ഷിക്ക് ഇതിനെ സംബന്ധിച്ചിടത്തോളം ഒരു അഭിപ്രായം പറയാൻകഴിയാതെ അല്ലെങ്കിൽ അതിനെ സംബന്ധിച്ച് തൽപ്പരകക്ഷി ഒന്നു അറിയുകപോലും ചെയ്യാതെ അത ഇങ്ങനെ കവർന്നെടുത്തു കൊണ്ടു പോകുന്ന ഒരു സ്ഥിതിവിശേഷം എന്നു പറയുന്നത് നാച്വറൽ ജസ്റ്റിസ്സിനു നിരക്കുന്നതല്ലായെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഈ രഗത്തൊക്കെ ഒരുപാട് പ്രയാസങ്ങൾ അല്ലെങ്കിൽ ഗ്രീവൻസസ് ഇന്ന് പല മേഖലകളിലുമുണ്ട്. എന്റെ അറിവിൽപ്പെട്ടിടത്തോളം പറയുകയാണെങ്കിൽ എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ പുതുപ്പാടി വില്ലേജിൽ 6, 7 വർഷം മുൻപ് ഒരു പിടി ആളുകൾക്ക് ഒരു ഏക്കർ, അര ഏക്കർ വച്ചുകൊണ്ട് സ്ഥലങ്ങൾ അസൈൻ ചെയ്തുകൊടുത്തു. അസൈൻ ചെയ്തുകൊടുത്തിട്ട് ആ പട്ടയം കൊണ്ട് ഇവർ നടക്കുക എന്നുള്ളതിനപ്പുറത്ത് അവർക്കാർക്കും ഇന്നോളം ഭൂമി കിട്ടിയിട്ടില്ല. ആ ഭൂമിയെ സംബന്ധിച്ചിടത്തോളം സർവ്വേ സബ്ഡിവിഷൻ നടത്തുകയോ, അതിരു തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നുള്ളതാണ് ഒരു ഘടകം. രണ്ടാമത്തേത് ആ ഭൂമിയിൽ അതിനുമുമ്പുതന്നെ കൈവശക്കാരുണ്ടായിരുന്നു. ആ കൈവശക്കാരുടെ കൈയിലുണ്ടായിരുന്ന ഭൂമിതന്നെ മറാളുകൾക്ക് അസൈൻ ചെയ്തു. കൊടുക്കുമ്പോൾ അതിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും വ്യവസ്ഥയുണ്ടായിട്ടുവേണ്ടേ. അല്ലെങ്കിൽ പരസ്പരം സംഘട്ടനവും കത്തിക്കുത്തും നടക്കാനാണ് സാദ്ധ്യത. അന്നുതന്നെ ഞങ്ങളൊക്കെ ഇടപെട്ടുകൊണ്ട് തൽക്കാലം സംഘർഷമുണ്ടാകാതിരിക്കാൻവേണ്ടി ആരുടെ കൈവശമെല്ലാം ഭൂമിയുണ്ടോ അവർ അവിടവിടെ തന്നെ നിലനിൽക്കുകയും അതിനെ സംബന്ധിച്ചിടത്തോളം അന്തിമമായിട്ട്, വിശദമായ പരിശോധനയ്ക്കുശേഷം തീരുമാനമുണ്ടാക്കാം എന്നുള്ള അടിസ്ഥാനത്തിൽ ആ പ്രശ്നം അന്ന് നീട്ടിവയ്ക്കുകയുമാണുണ്ടായത്. ആ പ്രശ്നത്തിന് ഇന്നും പരിഹാരമുണ്ടായിട്ടില.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ 1/1-ലുള്ള കൈവശക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് പട്ടയമുണ്ട്. കൈവശത്തിന്റെ കാര്യത്തിൽ യാതൊരു തർക്കവും ഉന്നയിക്കപ്പെട്ടിട്ടില്ല. അങ്ങനെയാണെങ്കിൽപോലും ആ സ്ഥലങ്ങളൊക്കെ ഇന്ന് ക്രയവിക്രയം ചെയ്യുന്നതിന് തടസ്സമുണ്ട്. കളക്ടറുടെ പ്രത്യേക മായിട്ടുള്ള പെർമിഷനുണ്ടെങ്കിൽ മാത്രമേ പരിധിക്കകത്തുള്ള ഭൂമിയായാൽ പോലും അത് ക്രയവിക്രയം നടത്താൻപാടുള്ളൂ എന്നുള്ള ഒരു നിരോധനം നിലവിലുണ്ട്. ഒരുപക്ഷെ സുപ്രീം കോടതിയിൽ കേസുള്ളതുകൊണ്ട്, അതേ പറ്റുകയുള്ളായിരിക്കും. പക്ഷെ സുപ്രീം കോടതിയിൽ ഏതെങ്കിലും ഒരു തൽപ്പരകക്ഷി കേസ് ഫയൽ ചെയ്തിരിക്കുന്നുയെന്നുള്ളതുകൊണ്ട് എത്രയോ വർഷങ്ങളായി കൈശംവച്ച് ഭോഗണ്ഡങ്ങൾ ചെയ്ത്, സ്ഥിരതാമസമാക്കിയിരിക്കുന്ന ചെറുകിട കൈവശക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ഭൂമി ക്രയവിക്രയം ചെയ്യാൻ പറ്റുകയില്ല എന്നുള്ള സ്ഥിതിവിശേഷം വളരെ സങ്കടകരമായിട്ടുള്ള ഒരു കാര്യമാണ്. വേദനാജനകമായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് അതിനെ സംബന്ധിച്ചിടത്തോളം സുപ്രീം കോടതിയിൽനിന്ന് പെട്ടെന്നുതന്നെ ആ കേസ് ഡിസ്പോസലാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് വളരെ ശുഷ്കാന്തി കാണിക്കണം. ഗവൺമെന്റ് ആ കാര്യം അറിയുന്നുണ്ടോ. അറിഞ്ഞിട്ടുണ്ടോ എന്ന് സംശയമാണ്. അതുപോലെതന്നെ വയനാട്ടിലെ അച്ചൂരാനം വില്ലേജിലെ കാര്യങ്ങളെക്കുറിച്ച് ഇന്നും പത്രത്തിൽ വന്നിട്ടുണ്ട്. 30 വർഷമൊക്കെയായി കൈവശമുണ്ട്, പട്ടയമുണ്ട്, ഒന്നാന്തരം ഭോഗണ്ഡങ്ങളുണ്ട്, പക്ഷെ ഭൂമി ക്രയവിക്രയം ചെയ്യാൻ കഴിയുന്നില്ല.

സർ, അതുപോലെ തളിപ്പുഴ പത്തു മുപ്പതു വർഷങ്ങളായി കൈവശമിരിക്കുന്ന സ്ഥലങ്ങളാണ്. മറ്റാർക്കും ഒരു ഡിസ്പ്യൂട്ടുമില്ല. പക്ഷെ പട്ടയം കൊടുക്കുന്നില്ല. കൈവശത്തെ സംബന്ധിച്ചിടത്തോളം ഒരു ഡിസ്പ്യൂട്ടുമില്ല. ഒറിജിനൽ ജൻമിമാർക്കും ഒരു ഡിസ്പ്യൂട്ടുമില്ല. എങ്കിലും അവർക്ക് പട്ടയം വിതരണം നടത്തുന്നില്ല എന്നുള്ള ഒരു സ്ഥിതി വിശേഷം ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്നു. സർ, ഇതൊക്കെ ഉള്ളപ്പോഴും വേറെ സ്ഥലങ്ങളിലൊക്കെ നിർബാധം പട്ടയം വിതരണം നടക്കുന്നുണ്ട്. തിരുവനന്തപുരം സിറ്റിയിൽ കോടി കണക്കിന് രൂപ വിലമതിപ്പുള്ള, ഏക്കറുകണക്കിന് വിസ്തൃതിയുള്ള സ്ഥലത്തിനൊക്കെ അനധികൃതമായി പട്ടയം കൊടുക്കുന്നതിനെപ്പറ്റിയുള്ള നിരവധി കഥകൾ നമ്മൾ പത്രത്തിൽ വായിച്ചിട്ടുണ്ട്. ഈ നിയമസഭയിൽത്തന്നെ കുളത്തുങ്കൽ പോത്തന്റെ അനന്തര അവകാശികൾക്ക് റവന്യൂ സ്ഥലം കോടിക്കണക്കിന് രൂപ വിലയുള്ളത് പതിച്ചുകൊടുത്തതു സംബന്ധിച്ച് പരാമർശമുണ്ടായതു നമുക്കറിയാം. ഇപ്പോൾ മൽസ്യവികസനവകുപ്പുമന്ത്രിയായിരിക്കുന്ന ശ്രീ. ജേക്കബ് ചേട്ടന്റെ മകന് എറണാകുളം പട്ടണത്തിൽ 15 സെന്റ് റവന്യൂ സ്ഥലം പതിച്ചു കൊടുത്തതിനെ സംബന്ധിച്ചിടത്തോളം മന്ത്രിയുടെ മകനായിപ്പോയി അതുകൊണ്ട് സ്ഥലം പതിച്ചുകിട്ടാൻ അവകാശമില്ലെ എന്നു ചോദിച്ചു കൊണ്ടു ന്യായീകരിക്കുകയാണ് ചെയ്തത്. സർക്കാരിന്റെ ഭൂമി മന്ത്രിക്കും, മന്ത്രിക്ക് ഇഷ്ടപ്പെട്ടവർക്കുമൊക്കെ തങ്ങളുടെ തറവാട്ടു സ്വത്തുപോലെ പതിച്ചുകൊടുക്കുന്ന രീതിയിലുള്ള അധഃപതനത്തിലേക്ക് ഈ രാജ്യമെത്തിയിട്ടുണ്ട്. അതിനെയൊക്കെ ന്യായീകരിക്കുകയും അതൊക്കെ ഭൂഷണമായി കൊണ്ടു നടക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമുണ്ട് ഏതായാലും. ഈ ഓർഡിനൻസിലൂടെ ഇത്രാം നിയമ ഭേദഗതികൂടെ കൊണ്ടുവരുന്ന ഈ പ്രവണതയക്ക് തീർച്ചയായും വിരാമമിടണം. ഇതേ അഭിപ്രായമാണ് അങ്ങേക്കുള്ളതെന്ന് ഈ രാജ്യത്ത് എല്ലാവർക്കുമറിയാം. ഇങ്ങനെ ഒരു ഓർഡിനൻസിലൂടെ കൊണ്ടുവരാൻ എന്ത്

LIBRARY ARCHIVES Kerala Legislative Assembly

അടിയന്തിര പരിതസ്ഥിതിയാണുള്ളത്. ഇപ്പോഴും ഹൗസിംഗ് ബോർഡിന് സ്ഥലമെടുക്കുന്ന കാര്യത്തിലൊക്കെ ചില പ്രവണതകളും ഈ രാജ്യത്തുണ്ട്. അതൊക്കെ വളരെയേറെ നാണംകെട്ട ഏർപ്പാടുകളാണ്. സർ, സ്ഥലം പ്രീസ്സു ചെയ്യുകയാണ്. അങ്ങനെ ഹൗസിംഗ് ബോർഡിനുവേണ്ടി സ്ഥലം ഫ്രീസ് ചെയ്തശേഷം വകുപ്പുമന്ത്രിയുടെ കക്ഷിയുടെ കങ്കാണിമാർ വസ്തുവിന്റെ ഉടമസ്ഥൻമാരെ സമീപിക്കും. എന്നിട്ട് അതിന് ഒരു തുക നിശ്ചയിക്കുന്നു. ആ തുക നിശ്ചയിക്കുന്നത് അകപിസിഷനിൽനിന്ന് ഒഴിവാക്കിയെടുക്കാൻ വേണ്ടിയാണ്. അത്തരത്തിലുള്ള ഹീനമായ തന്ത്രവും സമ്പ്രദായങ്ങളും ഇന്ന് രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടിയും സാമ്പത്തിക നേട്ടത്തിനുവേണ്ടിയുമൊക്കെ ഈ മേഖലയിൽ നടക്കുന്നുണ്ട്. അതിനൊക്കെ കൂടെക്കൂടി പ്രയോജനപ്പെടുന്ന രീതിയിൽ അല്ലെങ്കിൽ അത്തരത്തിലുള്ള ദുഷ്പ്രേരണകൾക്ക് കാരണമാകുന്ന തരത്തിലുള്ളഈ ഓർഡിനൻസ് നിരാകരിക്കുകതന്നെ വേണമെന്നുള്ള ഭേദഗതി ഞാൻ നിർബന്ധപൂർവം അവതരിപ്പിക്കുകയാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, ഈ ബില്ലിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ച് രണ്ട് ദിനപത്രങ്ങളിലും ഗസറ്റിലും ഭൂമി ഏതെന്ന് അതിര് നിശ്ചയിക്കുന്ന നോട്ടിഫിക്കേഷൻ കൊടുക്കണമെന്നാണ്. ജനങ്ങളെ ഇതുമൂലം അറിയിക്കണമെന്നാണ് പറയുന്നത്. സാധാരണ നമ്മുടെ നാട്ടിൻപുറങ്ങളിൽ ബന്ധപ്പെട്ട കക്ഷികൾ ഈ ദിനപ്പത്രം വായിക്കുന്നവരായിരിക്കുകയില്ല. പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലുള്ള ഭൂരിപക്ഷം ആളുകളും നിരക്ഷരരാണ്. അങ്ങനെ ദിനപ്പത്രം വായിക്കാൻ ബന്ധപ്പെട്ട കക്ഷികൾക്ക് കഴിയാത്ത സാഹചര്യമുണ്ട്. അതുപോലെ ഗസറ്റ് പരസ്യം ചെയ്താലും ബന്ധപ്പെട്ടവർ അറിഞ്ഞുവെന്നു വരികയില്ല. അവരെ അറിയിക്കുന്നതിനുവേണ്ടി മറ്റു മാർഗ്ഗങ്ങൾകൂടി നമ്മൾ അവലംബിക്കുന്നത്. നല്ലതാണ്. അതായത് പഞ്ചായത്താഫീസുകളിലും വില്ലേജാഫീസുകളിലും അറിയിപ്പു പരസ്യം എഴുതി ഒട്ടിക്കുക .... അവരെ നേരിൽ കണ്ട് മെസഞ്ചർവഴി നോട്ടീസു കൊടുക്കുക, രജിസ്ട്രേഡ് നോട്ടീസ് അയയ്ക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതാണ് ആവശ്യമാണ്. പൊതു ആവശ്യത്തിനുവേണ്ടി ഭൂമി എടുക്കുമ്പോൾ ബന്ധപ്പെട്ട കക്ഷികളെ അറിയിക്കാൻ തീർച്ചയായും എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ചാൽ ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാം. വ്യക്തികൾ തമ്മിൽ വസ്തുക്കൾ സംബന്ധിച്ച് തർക്കമുണ്ടാകാറുണ്ട്. ആ തർക്കം ഇപ്പോൾ പരിഹരിക്കപ്പെടുന്നത് റവന്യൂ ഡിപ്പാർട്ടുമെന്റല്ല. പോലീസ് ഡിപ്പാർട്ടുമെന്റാണ്. ഈ കേസ്സുകൾ തീർക്കുന്നത് പോലീസുകാരായതുകൊണ്ട് അവരുടെ ഇഷ്ടം പോലെ ബന്ധപ്പെട്ട ഏതെങ്കിലും കക്ഷിയെ വിളിച്ച് അവരുടെ താൽപ്പര്യമനുസരിച്ച് അതിര് നിശ്ചയിച്ചുകൊടുക്കുകയാണ് സാധാരണ ചെയ്യുന്നത്. റവന്യൂ സംബന്ധമായ നിരവധി കേസ്സുകൾ ഇന്ന് പോലീസ് ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്യുന്നുണ്ട്. അതിന്റെ ഫലമായി നീതി ലഭിക്കേണ്ട ആളുകൾക്ക് നീതി ലഭിക്കുന്നില്ല. പോലീസിന്റെ സ്വാധീനം ഉപയോഗിച്ച്, ഭീഷണിപ്പെടുത്തി പാവപ്പെട്ട ആളുകളുടെ വസ്തുക്കൾ കവർന്നെടുക്കാൻ വേണ്ടിയുള്ള ശ്രമം സാധാരണ നടക്കുന്നുണ്ട്. അവർക്ക് താൽപ്പര്യമുള്ള കക്ഷികൾക്ക് വസ്തു കൂടുതലായി സമ്പാദിച്ചുകൊടുക്കുകയും ചെയ്യുന്നു. പാവപ്പെട്ടവരെ ദ്രോഹിക്കുന്ന ഈ പ്രശ്നം പരിഹരിക്കാൻ എങ്ങനെ കഴിയുമെന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുന്നത് നല്ലതല്ല. പോലീസ് ഡിപ്പാർട്ടുമെന്റാണോ റവന്യൂ ഡിപ്പാർട്ടുമെന്റാണോ റവന്യൂ സംബന്ധമായ കാര്യങ്ങൾ കൈ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം ചെയ്യുന്നതെന്നതിനെ സംബന്ധിച്ച് ഇപ്പോൾ നിശ്ചയമില്ല. റവന്യൂ സംബന്ധമായ കാര്യങ്ങളിൽ രണ്ടു വ്യക്തികൾ തമ്മിലുള്ള കാര്യങ്ങളാകുമ്പോൾ പണിസ്വാധീനമുണ്ടെങ്കിൽ, രാഷ്ട്രീയ സ്വാധീനമുണ്ടെങ്കിൽ അതുപോലെ മറ്റു പല സ്വാധീനങ്ങളും ചട്ടമ്പികളുടെ സ്വാധീനമുണ്ടെങ്കിൽ അങ്ങനെ തുടങ്ങി പല സ്വാധീനങ്ങളുമുപയോഗിച്ച് നാട്ടിലെ പാവപ്പെട്ട ധാരാളം ആളുകളെ ബുദ്ധിമുട്ടിക്കുന്നുവെന്നുള്ളതു സംബന്ധിച്ച് വളരെയേറെ നിവേദനങ്ങളും മെമ്മോറാണ്ടങ്ങളും ദിവസേന ലഭിച്ചുകൊണ്ടിരിക്കുന്നു. പോലീസിന്റെ ഭാഗത്തുനിന്നുള്ള അത്തരം കടന്നാക്രമണം കൊണ്ട് വഴിയാധാരമായിട്ടുള്ള, വീടുകൾ നശിച്ചിട്ടുള്ള, ഭൂമി നഷ്ടപ്പെട്ടിട്ടുള്ള ധാരാളം ആളുകൾ നമ്മുടെ നാട്ടിലുള്ളപ്പോൾ ഈ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ഈ ബില്ല് ചർച്ചക്ക് വെല്ലുമ്പോൾ തീർച്ചയായും നമ്മൾ ആലോചിക്കേണ്ടതാണ്.

മറ്റൊന്ന് കോടതികളിൽ കേസ് പോയാലുള്ളത് സംബന്ധിച്ചാണ്. അതിര് തർക്കമുണ്ടെങ്കിൽ കോടതിയിൽ ഒരു പക്ഷക്കാർ കേസ് കൊടുത്താൽ ആ കേസ് ഡിസ്പോസ് ചെയ്യാൻ വർഷങ്ങൾ പിടിക്കുന്നുണ്ട്. ഗവൺമെന്റിന് എന്തെങ്കിലും ഇക്കാര്യത്തിൽ ചെയ്യാൻ കഴിയണം. അത്തരം കേസുകൾ കോടതിയിൽ ഇരുന്നാൽ ഇൻജങ്ഷൻ ഓർഡർപോലും കിട്ടിയാൽ പോലീസിന്റെ സഹായത്തോടുകൂടി അവിടേയും ഭൂമി തട്ടിയെടുക്കുന്നതിനു വേണ്ടി പോലീസ് നടപടികളെടുക്കുന്നു. എന്റെ മണ്ഡലത്തിൽതന്നെ ഇതുപോലെ നൂറുകണക്കിന് കേസുകൾ പൂണ്ടിക്കാണിക്കാൻ കഴിയും. അങ്ങനെ കോടതിയിൽ കിടക്കുന്ന കേസുകളിൽ വസ്തു സംബന്ധമായ തർക്കങ്ങൾ തീർക്കുന്നതിനുവേണ്ടി അവ പെട്ടെന്ന് ഡിസ്പോസ് ചെയ്യാൻ സർക്കാർ കോടതികൾക്ക് നിർദ്ദേശം കൊടുക്കുകയാണെങ്കിൽ എത്രയോ ആളുകളെ രക്ഷിക്കാൻ കഴിയും. അങ്ങനെ ഒരു സമീപനം സർക്കാർ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

Sri. V.J.Thankappan : Sir, I move that the Kerala Survey and Boundaries (Amendment) Bill. 1986 be circulated for eliciting public opinion till 30-11-1986.

സർ, ഇവിടെ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് മന്ത്രി പറഞ്ഞതും ബില്ലിൽ പറഞ്ഞിരിക്കുന്നതുമായ കാര്യങ്ങളെല്ലാം പബ്ലിക് പർപ്പസ്സാണെന്നാണ്. ഇവിടെ കമ്പൽസറി അക്വിസിഷൻ നടക്കുന്നു. ആ അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയാണ് അമൻറുമെന്റ് കൊണ്ടുവന്നിരിക്കുന്നതെന്നാണ് പറഞ്ഞത് അക്കാര്യം സ്വാഗതാർഹമാണ്. പക്ഷെ ഏതെല്ലാമാണ് പബ്ലിക് പർപ്പസ് എന്നുള്ള കാര്യം പരിശോധിക്കുമ്പോൾ റവന്യൂ വകുപ്പിന്റെ കീഴിൽതന്നെ ഹൗസിംഗ് ബോർഡ് സ്ഥലം അക്വയർ ചെയ്യുന്നുണ്ട്. പഞ്ചായത്തു പ്രദേശങ്ങളിൽ ഹൗസിംഗ് ബോർഡുകാർ കടന്നു വന്നിട്ട് പല സ്ഥലവും അക്വിസിഷൻ നടത്തുന്നുവെന്ന് നോട്ട് ഫൈ ചെയ്യും. വസ്തുവിന്റെ ഉടമസ്ഥൻമാർ പോയി ഹൗസിംഗ് ബോർഡിന്റെ പ്രമാണിമാരെ കണ്ട് കാര്യങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ഒരു കൈക്കൂലി പരിപാടിയുണ്ട്. ഹൗസിംഗ് ബോർഡിന്റെ പ്രെയർമാനായിരുന്ന ഒരു കേരളാ കോൺഗ്രസ് നേതാവ് കൈക്കൂലി വാങ്ങിയെന്നുള്ള ആരോപണത്തിനു വിധേയനായി രാജി വച്ചുപോയ കഥ നമുക്ക് അറിയാം. മുഴുവൻ പത്രങ്ങളിലും റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് അഴിമതിയുടെ കൂത്തരങ്ങായിരിക്കുന്ന ഹൗസിംഗ് ബോർഡു പോലെയുള്ള സ്ഥാപനങ്ങൾ നടത്തുന്ന അക്വിസിഷൻ പരിപാടികൾ ഗവൺമെന്റ് സ്ക്രൂട്ടിനൈസ് ചെയ്യണം. ഇത് ആവശ്യമാണോയെന്നും ഹൗസിംഗ് ബോർഡിന്റെ കോളനികൾ സ്ഥാപിച്ചാൽ ഈ വീടുകളിൽ താമസിക്കാൻ ആളുണ്ടാകുമോ എന്നുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾകൂടി ഗവൺമെൻറ് സ്ക്രൂട്ടിനൈസ് ചെയ്യണം. അകവിസിഷൻ നടപടികൾ ഒഴിവാക്കുന്നതിനുമുമ്പ് അഴിമതികൾ ഒഴിവാക്കുന്നതിന് ഗവൺമെൻറ് നടപടികൾ സ്വീകരിക്കണം. സ്വന്തം പാർട്ടിക്കാരായാലും അഴിമതിക്കാർ, അഴിമതിക്കാർ തന്നെയാണ്. അത് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള സ്ക്രൂട്ടിനി നടത്തണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Shri. E. Padmanabhan: Sir, I move that the Kerala Survey and Boundaries (Amendment) Bill, 1986 be referred to a Select Committee.

ഈ ബില്ലിൽ പരാമർശിച്ചിരിക്കുന്നത് സർവ്വേ ആൻറ് ബൗണ്ടറീസ് ആക്ടിൻറെ 9-ാം വകുപ്പനുസരിച്ച് അതിർത്തി തർക്കമില്ലാത്തതാണെന്ന് തീരുമാനിക്കാനുള്ള അധികാരം സർവ്വേ ഓഫീസർക്ക് കൊടുക്കുകയെന്നുള്ളതാണ്. അങ്ങനെയുള്ള അവസരത്തിൽ ആ ആഫീസർ തീരുമാനമെടുത്താൽ അത് അവസാന വിധിയുമായിരിക്കും. അതിൽ വസ്തു ഉടമസ്ഥനു നോട്ടീസ് കൊടുക്കേണ്ട ആവശ്യമില്ല. പത്രത്തിൽ പ്രസിദ്ധീകരിച്ചാൽ മതി. എന്തെങ്കിലും ഒബ്ജക്ഷനുണ്ടെങ്കിൽ ഓഫീസിൽ വന്ന് പറയണമെന്ന് മാത്രമാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ അവരുടെ അവകാശം നിഷേധിക്കുകയാണ്. ലാൻഡ് അകവിസിഷൻ നടത്തുന്നുവെന്നുള്ളതിൻറെ വിവരം അറിയിക്കുകയല്ല ഇതിൻറെ പ്രധാനം ഉദ്ദേശം. ഒരു വസ്തുവിൻറെ അതിർത്തി ഏതാണെന്ന് നിശ്ചയിക്കുന്ന അവസരത്തിൽ, ലാൻഡ് അകവിസിഷനല്ലാത്ത കേസിൽ പോലും അതിർത്തി തർക്കങ്ങളുണ്ടാകുന്ന സന്ദർഭത്തിൽ, അതിർത്തി തർക്കത്തിലേർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കോ, തൽപ്പര കക്ഷികൾക്കോ നോട്ടീസ് കൊടുക്കാതെ ഏകപക്ഷീയമായിട്ടുള്ള ഒരു തീരുമാനം ഓഫീസിൽ നിന്ന് എടുക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നതാണ് ഈ ഭേദഗതി. 9(2) ഉപവകുപ്പിൻറെ കാര്യം മാത്രം എടുത്തു പറഞ്ഞുകൊണ്ട് ഇങ്ങനെ ഒരു തീരുമാനത്തിലെത്തുന്നത് ശരിയായിരിക്കുകയില്ല. വസ്തുവിൻറെ അതിർത്തി തർക്കം നിർണ്ണയിക്കുന്ന കാര്യത്തിൽ, തർക്കങ്ങൾ ഇല്ലെന്ന് അവസാന വിധിയെഴുതുന്ന സന്ദർഭങ്ങളിൽ, ഓരോന്നിലും അതിർത്തിയുമായി ബന്ധപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ നേരിട്ട് നോട്ടീസ് കൊടുത്ത് അവർക്ക് പറയാനുള്ള അവസരം കൊടുക്കണം, അങ്ങനെ ചെയ്യാത്തത് സാമാന്യ നീതിക്ക് നിരക്കാത്തതാണ്. ആ രീതിയിൽ ഇങ്ങനെ ഒരു നിയമം പാസാക്കുന്നത് നല്ലതല്ല. ഇത് ലാൻഡ് അകവിസിഷനേറയോ, വികസന പ്രവർത്തനത്തിനേറയോ മാത്രമുള്ള പ്രശ്നമല്ല. ഇന്ന് നമ്മുടെ നാട്ടിൻപുറങ്ങളിൽ ആണെങ്കിൽ കൈവശഭൂമിയുടെ പരിധി ചുരുങ്ങിവരികയാണ്. ഒരേ സർവ്വേ നമ്പരിൽപ്പെട്ട പ്രദേശങ്ങളിൽതന്നെ എത്രയോ ആളുകളുടെ കൈവശമായി ഭൂമി മാറിക്കഴിഞ്ഞിരിക്കുകയാണ്. അവിടെയെല്ലാം തന്നെ അതിർത്തി പ്രശ്നം സാധാരണ വരാറുള്ള ഒരു കാര്യമാണ്. ഇന്ന് ഇത്തരം ഒരു നിയമം കൊണ്ടുവരേണ്ട കാരണം ഇത് മാത്രമല്ല. ഇന്ന് കൈവശക്കാരാരാണെന്ന് നിർണ്ണയിക്കാൻ കഴിയാത്ത സ്ഥിതിയുമുണ്ട്. കൈവശക്കാരൻറെ കൈയിലുള്ള രേഖയും, സർക്കാരിൻറെ കൈയിലുള്ള റവന്യൂ സർവ്വേ രേഖയും തമ്മിൽ പൊരുത്തമില്ലാതായിക്കഴിഞ്ഞിരിക്കുകയാണ്. സർവ്വേയും റീസർവ്വേയും സെറ്റിൽമെൻറോടുകൂടി നടത്തണമെന്നുള്ളതാണ്. സെറ്റിൽമെൻറ് നടത്തണമെന്നുണ്ടെങ്കിൽ സർവ്വേ കഴിഞ്ഞിട്ടുള്ള ഭൂമി കൈവശക്കാരൻറെ ആധാരമെടുത്ത് പരിശോധിച്ച് നോക്കി ആ ആധാരത്തിൽ പറഞ്ഞിട്ടുള്ള രീതിയിൽ ഭൂമിയെ സംബന്ധിച്ചുള്ള അളവ് കൃത്യമാണോ എന്നുള്ളതാണ് വയ്പ്. അഞ്ചു കൊല്ലം മുമ്പ് സർവ്വേ തുടങ്ങിയിട്ടുള്ളതും, റീസർവ്വേ നടന്നിട്ടുള്ളതുമായ 44 താലൂക്കുകളിൽ കേവലം 18 താലൂക്കുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ് ഇന്ന് രേഖ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ളത്. ബാക്കി താലൂക്കുകളിലെ യാതൊരു രേഖയും ഇന്ന് തയ്യാറായിട്ടില്ല. ഇപ്പോൾ പട്ടയം പാസുബുക്കെന്നു പറയുന്ന ഒരു പുതിയ ഏർപ്പാടുണ്ട്. സർവ്വേ ആൻറ് ബൗണ്ടറി ആക്ടനുസരിച്ച് യാതൊരുവിധത്തിലുള്ള നിയമസാധുതയുമില്ല. ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ടനുസരിച്ച് അതിൽ എഴുതിയിട്ടുള്ള യാതൊന്നിനും, നിയമപരമായി യാതൊരു സാധുതയുമില്ല. ഓരോ വില്ലേജുകളുടെടുത്താൽ ഇതാണ് സ്ഥിതി. കൈയിലുള്ള കൈവശ രേഖയോടുകൂടി കണക്ക് കൃത്യമാകുന്ന ഭൂമിയുടെ അളവ് കൃത്യമായി കാണുന്നത് പത്തോ, പന്ത്രണ്ടോ, അതല്ലെങ്കിൽ ഇരുപതോ മുപ്പതോ കൈവശക്കാരുടെ മാത്രമാണ്. ആയിരക്കണക്കിന് കൈവശക്കാരുള്ളതിൽ ഇരുപതോ, മുപ്പതോ പേരുടെ കൈവശമുള്ള ഭൂമിക്ക് മാത്രമേ കൃത്യമായി ഇന്ന് പട്ടയം പാസ് ബുക്ക് കൊടുക്കാൻ കഴിയുകയുള്ളു. ഇന്ന് എല്ലാം പട്ടയം പാസ്ബുക്കായി കഴിഞ്ഞു, എല്ലാ പ്രശ്നങ്ങളും പരിഹരിച്ചു, ഭൂമിയെ സംബന്ധിച്ചുള്ള അടിസ്ഥാനപരമായ രേഖ തയ്യാറാക്കി എന്നെല്ലാമാണ് ഇവിടെ റവന്യൂ വകുപ്പുമന്ത്രിയുടെ അവകാശവാദം. സർവ്വേ വകുപ്പിന് ഒരു വകുപ്പദ്ധ്യക്ഷൻ പോലുമില്ല. സർവ്വേ ഡിപ്പാർട്ടുമെൻറ് ഇന്ന് ഏതാനും ആൾക്കാർ കയറിയിറങ്ങി പോകാനുള്ള ഒരു ഡിപ്പാർട്ടുമെൻറായി മാറ്റിമറിച്ച് വച്ചിരിക്കുകയാണ്. ഇവിടെ ഭൂമിയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും, രജിസ്ട്രാർ ഓഫീസിൽ നടക്കുന്ന ആധാരങ്ങൾക്കനുസരിച്ച് വില്ലേജാഫീസിൽ വരുന്ന പോക്കുവരവ് പൂർത്തീകരിക്കുക തുടങ്ങിയ കാര്യങ്ങളും തന്നെ ഇന്ന് ഈ സർവ്വേ സെറ്റിൽമെൻറ് രേഖകളിൽ വരുന്നില്ല. അതുകൊണ്ടാണ് ഇതിൻറെ യഥാർത്ഥ ഉടമയാരാണെന്നു തീരുമാനിക്കാൻ കഴിയാത്ത ഒരു അവസ്ഥയിൽ എത്തിയിരിക്കുന്നത്. 99 കൊല്ലത്തെ ലീസ് വാങ്ങിയിട്ടുള്ള ഭൂമിയുടെ സ്ഥിതിയെന്താണ്? 150 ഏക്കർ ഭൂമി പാലക്കാട് കൊല്ലംകോട് രാജാവിൻറെ കൈയിൽ നിന്ന് വാങ്ങിയിട്ടുള്ള ഒരു കമ്പനിയുണ്ട്. എന്നാൽ ഇന്ന് അയാളുടെ കൈയിൽ 450 ഏക്കർ ഭൂമിയാണുള്ളത്. അതുകൊണ്ട് ഭൂമിയുടെ യഥാർത്ഥ വിസ്തീർണ്ണവും, രേഖയിൽ കാണുന്ന വിസ്തീർണ്ണവും, ഓരോരുത്തരുടെ കൈവശ ഭൂമിയുടെ വിസ്തീർണ്ണവും, സർവ്വേ രേഖയും തമ്മിൽ ഒരിക്കലും ബന്ധിപ്പിക്കാൻ കഴിയാത്തരൂ സ്ഥിതിയാണുള്ളത്. അതു പലരും കൈമാറിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇന്ന് കൈവശക്കാരുമായി നേരിട്ട് കാണുകയെന്നുള്ളതാണ് നിയമപ്രകാരം സാദ്ധ്യമല്ലെന്നുള്ളതാണ് സ്ഥിതി. സർക്കാർ ഭൂമി കൈയേറക്കാർക്ക്, സ്വകാര്യ ഭൂമി കൈയേറക്കാർക്ക്, അവർക്കെല്ലാവർക്കും കൈയിൽ കിട്ടിയ ഭൂമിക്ക് ന്യായം കിട്ടുന്നതിനും, വിലയുണ്ടാക്കുന്നതിനും വേണ്ടിയിട്ടുള്ള ഒരു ഏർപ്പാടാണിത്. ഈ ബില്ലിൻറെ Statement of objects and reasons-ൽ പറഞ്ഞിട്ടുള്ളത് വസ്തുതകളുമായി ബന്ധമില്ലാത്ത കാര്യങ്ങളാണ്. നമ്മുടെ രാജ്യത്തെ വനഭൂമിയും, ഉപാതുഭൂമിയും റവന്യൂ പുറംപോക്ക് ഭൂമിയും ഉൾപ്പെടെയുള്ള ഭൂമി കൈയേറിയവരെ സംരക്ഷിക്കാൻവേണ്ടി പോലും ഈ ഉപയോഗിക്കാൻ കഴിയുകയില്ല എന്നുള്ളതാണ് ഇന്നത്തെ അവസ്ഥ. അതുകൊണ്ട് സർവ്വേ ഡിപ്പാർട്ടുമെൻറ് സർവ്വേ സെറ്റിൽമെൻറ് പൂർത്തീകരിക്കുന്നതിനുവേണ്ടിയും, ഫലപ്രദമായി ഭൂമിയെ സംബന്ധിച്ചു രേഖകളുണ്ടാക്കുന്നതിന് വേണ്ടിയുമുള്ള മാറ്റങ്ങളാണ് ഇവിടെ ആവശ്യം. അല്ലാതെ ഇന്ന് ഇവിടെ കാണിക്കുന്ന രീതി ശരിയല്ല. പട്ടയം, പാസ് ബുക്ക് ഉൾപ്പെടെയുള്ള കാര്യങ്ങൾ അപ്രസക്തങ്ങളാണ്. അതുകൊണ്ട് ഈ ഭേദഗതി പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിനുവേണ്ടിയാണ് ഇത് സബ്ജക്ട് കമ്മിറ്റിക്കും, സെലക്ട് കമ്മിറ്റിക്കും അയക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : ഇന്ന് പൊന്നുംവില നടപടികൾക്ക് നമ്മുടെ അനുഭവത്തിൽനിന്ന് വളരെയേറെ കാലതാമസം സാധാരണ കാണാറുണ്ട്. ആ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻവേണ്ടി വളരെ അത്യാവശ്യമായി ചെയ്യേണ്ട ഒരു കാര്യമാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് എന്നുള്ളതുകൊണ്ട് ഞാൻ ഈ ബില്ലിനെ പൂർണ്ണമായും പിന്താങ്ങുകയാണ്. ഞാൻ ഒരൊറ്റ കാര്യമേ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. ഇവിടെ പൊതു ആവശ്യങ്ങൾക്ക് വേണ്ടിയിട്ട് പൊന്നുംവില നടപടികൾ നടത്തുമ്പോൾ രണ്ടു പ്രധാനപ്പെട്ട പത്രങ്ങളിലോ, ഗസറ്റിലോ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നുള്ളതിന് പകരം ആ പ്രദേശത്തെ വില്ലേജാഫീസിലോ, മുനിസിപ്പൽ ഓഫീസിലോ, അതുപോലുള്ള പൊതുആഫീസുകളിലോ ആകാര്യത്തെ സംബന്ധിച്ച നോട്ടീസ് ഇടുകയും, അതോടൊപ്പംതന്നെ മറ്റു പല കാര്യങ്ങൾക്കും ഗവൺമെന്റിൽനിന്നും ചെയ്യാറുള്ളതുപോലെ ഈ ആളുകളുടെ പേരുകളൊക്കെ നോട്ടീസിൽ ചേർത്തുകൊണ്ട് നോട്ടീസ് അച്ചടിച്ച് വിതരണം ചെയ്യുകയോ ചെയ്താൽ ആ പ്രദേശത്തെ ആളുകൾക്ക് കൃത്യമായി അറിയാൻ സാധിക്കും. അങ്ങനെ ചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഓരോരുത്തർക്കും ഗവൺമെന്റിൽനിന്ന്, സർക്കാർ ഓഫീസിൽനിന്ന് നോട്ടീസ് കൊടുക്കുകയെന്നുള്ളത് വളരെയേറെ കാലതാമസം വരുന്ന നടപടിക്രമമെന്നുള്ള നിലയിൽ, അത് ഒഴിവാക്കിക്കൊണ്ട് അതിനുപകരം ഒരു നോട്ടീസ് അച്ചടിച്ച് പ്രസിദ്ധീകരിച്ചാൽ എല്ലാവർക്കും അറിയാൻ സാധിക്കും. ആ നോട്ടീസ് പഞ്ചായത്താഫീസിലും, മുനിസിപ്പൽ ഓഫീസിലും. വില്ലേജാഫീസിലുമൊക്കെ പതിപ്പിച്ചാലും അത് വളരെ പ്രയോജനപ്രദമായിരിക്കുമെന്ന ഒരു ഭേദഗതികൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ഈ നിയമത്തിന്റെ ഉള്ളടക്കമെന്താണെന്ന് മനസ്സിലാക്കാതെയാണ് പ്രതിപക്ഷത്തുള്ളവർ ഇതിനെ എതിർത്തത്. ഇത് പൊതുതാൽപ്പര്യത്തിനുവേണ്ടി ഭൂമി വിലക്കെടുക്കുകയോ, അല്ലെങ്കിൽ സർവ്വേ നടത്തുകയോ ചെയ്യുന്ന അവസരത്തിൽ അതിന്റെ നടപടികൾ ത്വരിതപ്പെടുത്താൻ വേണ്ടിയാണ്. 9 (2)-ൽ പറഞ്ഞിരിക്കുന്നത് സർവ്വേ ആഫീസറുടെ തീരുമാനങ്ങൾ സംബന്ധിച്ച നോട്ടീസ് ആ തീരുമാനങ്ങൾ ഏതെല്ലാം ഭൂമിയുടെ അതിരുകളെ ബാധിക്കുന്നുവോ അങ്ങനെയുള്ള ഭൂമിയുടെ രജിസ്റ്റർഡ് ചെയ്യപ്പെട്ട കൈവശക്കാർക്ക് നൽകണമെന്നുള്ളതാണ്. അതുവഴി വളരെയേറെ കാലതാമസമുണ്ടാകുന്നുണ്ട്. പൊതു ആവശ്യത്തിനുവേണ്ടി സ്ഥലം എടുക്കേണ്ടിവരുമ്പോൾ കാലതാമസം വളരെയേറെയുണ്ടാകും. ആ കാലതാമസമൊഴിവാക്കാൻവേണ്ടി ഗസറ്റിലോ, അതല്ലെങ്കിൽ ആ പ്രദേശത്ത് പ്രചാരമുള്ള രണ്ടു പത്രങ്ങളിലോ ഇതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കണമെന്നും, അതുപോലെതന്നെ പ്രധാനപ്പെട്ട ഓഫീസുകൾ ഇവിടെ സൂചിപ്പിക്കുന്നുണ്ട്. ആ ആഫീസുകളിൽ അത് പതിപ്പിക്കണമെന്നുമാണ്. അത് പൊതുതാൽപര്യത്തെ കരുതിയാണ്. നമ്മുടെ നാട്ടിലെ പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി സ്ഥലം എടുക്കുമ്പോഴാണ് അങ്ങനെ ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നത്. അതല്ലാതെ, കൈയേറ്റക്കാരെയോ, അല്ലെങ്കിൽ അനധികൃതമായിട്ടുള്ള ആളുകളേയോ ഒന്നും സഹായിക്കാനല്ല. എല്ലാ കാര്യത്തിനും ഇങ്ങനെ ഒരു കുറ്റം കണ്ടുപിടിക്കുന്നതും, ന്യായമില്ലാത്ത കാര്യത്തിന് എതിർക്കുകയെന്നു പറയുന്നതും ശരിയല്ല. ഇത് ഒരു നൻമക്കുവേണ്ടി, നമ്മുടെ നാട്ടിന്റെ പൊതുവായ നൻമക്കുവേണ്ടി, ആ കാര്യങ്ങൾ വേഗതയിൽ നടത്താൻവേണ്ടി ഗവൺമെന്റ് കൊണ്ടുവന്ന ഒരു ഭേദഗതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനെ സ്വാഗതം ചെയ്യുകയാണ് വേണ്ടത്. ഇവിടെ ഒന്നു രണ്ടു ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. ശ്രീ. സിറിയക്ക് ജോൺതന്നെ പറഞ്ഞു കുളത്തുങ്കൽ പോത്തന്നും, എ. എൽ. ജേക്കബ്ബിന്റെ മകനുമൊക്കെ ഭൂമി അനധികൃതമായി പതിച്ചുകൊടുത്തുവെന്ന്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിതന്നെ ആ കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞിരിക്കുന്നു. ഇത് വെറുതെ ഒരു നുണ പല പ്രാവശ്യം ആവർത്തിക്കുകയാണ്. അങ്ങനെയൊന്നും ഉണ്ടായിട്ടില്ല. ഇത് വസ്തുതകൾക്ക് നിരക്കാത്തതാണ്. അടിസ്ഥാനരഹിതമായ ആക്ഷേപങ്ങളാണ്. അത് ഇന്ന് ഈ നിയമസഭയിൽ തന്നെ റവന്യൂ വകുപ്പുമന്ത്രി നിഷേധിച്ച കാര്യങ്ങളാണ്. എങ്കിലും അത് ഇവിടെ ഒരിക്കൽകൂടി പറയുകയുണ്ടായി.

അതുപോലെതന്നെ ഹൗസിംഗ് ബോർഡിൽ സ്ഥലം അനധികൃതമായി അക്വയർ ചെയ്യാനും, മറ്റ് പ്രവർത്തനങ്ങൾ നടത്താനുമൊക്കെയുള്ള ശ്രമം നടത്തുന്നതായിട്ടുള്ള ആക്ഷേപങ്ങൾ ലഭിച്ചു. അതും ശരിയല്ല. അങ്ങനെയുള്ള യാതൊരു തരത്തിലുള്ള ആക്ഷേപങ്ങളും ഉണ്ടായിട്ടില്ല. വെറുതെ പൊതുവായി കുടച്ച് വെടിവയ്ക്കുന്ന തരത്തിലുള്ള സമീപനം സ്വീകരിക്കുന്നത് ഒരിക്കലും ശരിയല്ല. അതുപോലെതന്നെ ശ്രീ. ഉമ്മൻ മാത്യു കൈക്കൂലി കേസിൽ പ്രതിയായതുകൊണ്ടാണ് രാജിവച്ചുപോയതെന്ന് ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പേരിൽ ഉന്നയിച്ചിരിക്കുന്ന ആരോപണം കൈക്കൂലി വാങ്ങിയതല്ല. അവിടെ ഹൗസിംഗ് ബോർഡിന്റെ രണ്ടു മൂന്നു പ്ലാനുകൾ അലോട്ട് ചെയ്തതിൽ അദ്ദേഹം ഒരാളെ പരിഗണിക്കാതെ പോയെന്ന് മാത്രമാണ് പറഞ്ഞിരിക്കുന്നത്. അതിനെ സംബന്ധിച്ച് ഇവിടത്തെ ട്രൈബ്യൂണലിന്റെ മുമ്പിൽ ഒരു കേസ് നിൽക്കുകയാണ്. അദ്ദേഹം ആ കാര്യത്തിൽ നിരപരാധിയാണെന്ന് തെളിയിക്കപ്പെടാൻ പോകുകയാണ്. ഇങ്ങനെ വെറുതെ പൊതുപ്രവർത്തകരെ അടച്ച് ആക്ഷേപിക്കുന്ന പ്രവണത ശരിയല്ല. ഇവിടെ പറഞ്ഞ രണ്ടു കാര്യങ്ങൾക്കുകൂടി മറുപടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ഇവിടെ സൂചിപ്പിച്ച മറ്റൊരു സംഗതി പട്ടയം പാസ് ബുക്ക് പ്രവർത്തനം ഒരു പ്രഹസനമാണെന്നുള്ളതിനെപ്പറ്റിയാണ്. നമ്മുടെ സംസ്ഥാനത്തെ കൈവശക്കാരന് കിട്ടുന്ന ഭൂമിയെ സംബന്ധിച്ച്, ആ ഭൂമിയുടെ എല്ലാവിധമായിട്ടുള്ള കാര്യങ്ങളും അതിനകത്തുള്ള സർവ്വേ നമ്പർ, സബ് ഡിവിഷൻ, വിസ്തീർണ്ണം, കരം, ജലസേചന സൗകര്യങ്ങൾ, കൃഷിയുടെ സ്വഭാവം, ഭൂമി മൈമാറ്റങ്ങൾ, ഭൂമി കടപ്പെടുത്തി വാങ്ങുന്ന പണമിടപാടുകൾ, ഏറ്റവും ഒടുവിൽ ഭൂമിയുടെ പ്ലാൻ എന്നിവ അടങ്ങുന്ന, സമഗ്രമായിട്ടുള്ള ഒരു രേഖയാണിത്. സർ, ഇതിനെ സംബന്ധിച്ചുള്ള റീസർവ്വേ റിക്കാർഡ്സ് റവന്യൂ ഭരണത്തിന് കൈമാറുന്നതോടുകൂടി കേരളം ഒട്ടുക്കും ഈ പട്ടയം പാസ്ബുക്ക് എല്ലാ ഭൂഉടമകൾക്കും നൽകുന്നതിനുള്ള ഒരു പരിപാടിയാണ് ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. നമ്മുടെ സംസ്ഥാനത്തെ നാലു വില്ലേജുകളിൽ ഈ പരിപാടി വളരെ ഭംഗിയായി പുരോഗമിക്കുന്നുണ്ട്.

പിന്നെ ഇവിടെ റീസർവ്വേയെക്കുറിച്ച് പറഞ്ഞു. അതിനെക്കുറിച്ച് ഇവിടത്തെ പല അംഗങ്ങൾക്കും അറിയാവുന്നതാണെന്നാണ് എനിക്ക് തോന്നുന്നത്. തിരുവിതാംകൂർ പ്രദേശത്ത് 1883 മുതൽ 1911 വരെയുള്ള കാലയളവിലാണ് റീസർവ്വേ നടന്നിരിക്കുന്നത്. അതുപോലെ തന്നെ മലബാർ പ്രദേശത്ത് 1930-ലാണ് സർവേയുടെ പ്രവർത്തനം പൂർത്തിയായത്. സർ, കൊച്ചിയിൽ മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

പഴയ കാലത്ത് ഇത് ശാസ്ത്രീയമായ രീതിയിൽ നടത്തിയിരുന്നത്. കേരളപ്പിറവിക്കുശേഷം ഈ നിയമങ്ങളെല്ലാംകൂടി ഏകീകരിച്ച് 1961-ലെ കേരള അതിരടയാള നിയമത്തിന് നമ്മൾ രൂപം കൊടുത്തു. അതിനുശേഷമാണ് ഈ റീസർവ്വേയുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്തത്. കേരളത്തിലെ 61 താലൂക്കുകളിൽ 44 താലൂക്കുകളിൽ റീസർവ്വേ ജോലികൾ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. അതനുസരിച്ച് ഇവിടെയുള്ള 18 താലൂക്കുകളിൽ റിസർവേ പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ 26 താലൂക്കുകളിൽ റീസർവ്വേ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള താലൂക്കുകളിലേയും കൂടി ഇത് വ്യാപിപ്പിക്കുന്നതാണ്. റീസർവ്വേ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ വളരെ വേഗതയിൽ ഡിപ്പാർട്ടുമെന്റ് കൈക്കൊണ്ടിട്ടുണ്ട്. ഇതിനോടകംതന്നെ ഏകദേശം 20675 സ്ക്വയർ കി. മീറ്റർ സ്ഥലത്തെ സംബന്ധിച്ചുള്ള രേഖകൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : Rule 284 (i) refer to any matter of fact on which a judicial decision is pending; സർ, ഇവിടെ ഉമ്മൻ മാത്യുവിന്റെ കേസ് ട്രിബ്യൂണൽ നിരപരാധിയാണെന്ന് അദ്ദേഹത്തെ പ്രഖ്യാപിക്കാൻ പോകുന്നുവെന്ന് മന്ത്രി മുൻകൂട്ടി പ്രഖ്യാപിച്ചു. അത് ട്രിബ്യൂണലിനെ സ്വാധീനിക്കാൻ വേണ്ടിയുള്ള ഒരു പ്രസ്താവനയാണ്. ഒരു പെൻഡിംഗായിട്ടുള്ള വിഷയം സംബന്ധിച്ച്, ജുഡീഷ്യൽ കാര്യം സംബന്ധിച്ച് പ്രസ്താവന ചെയ്യുന്നത് ഓർഡറിലാണോ ?

മി. സ്പീക്കർ : ഇതിനകത്ത് രണ്ടു പോയിന്റുകളുണ്ട്. ഒന്ന് അദ്ദേഹം അപരാധിയാണെന്നുള്ള പരാമർശം അപ്പുറത്തുനിന്നുണ്ടായി. അല്ല നിരപരാധിയാകാൻ പോകുന്നു എന്നുള്ള രണ്ടാമത്തെ പരാമർശവും. ഇത് രണ്ടും പറയുന്നത് ശരിയല്ല. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തോടുള്ള വിശ്വാസംകൊണ്ട് പറഞ്ഞതായിരിക്കും. അല്ലാതെ അതിനകത്ത് വേറെ കാര്യമൊന്നുമില്ല.

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ഇവിടെ സൂചിപ്പിച്ചത് ഇവിടെ ബഹുമാനപ്പെട്ട ഒരംഗം ശ്രീ. തങ്കപ്പനാണെന്ന് തോന്നുന്നു, ഉമ്മൻ മാത്യുവിനെക്കുറിച്ച് പരാമർശിച്ചു. അദ്ദേഹം കൈക്കൂലി കേസിലെ പ്രതിയാണിപ്പോൾ പോയതെന്നൊക്കെ. ഞാൻ പറഞ്ഞു അങ്ങനെയല്ല ഒരു ഫിലാറിന്റെ ആൾട്ടർമെന്റാണ് വിഷയമായിട്ട് വന്നിരിക്കുന്നതെന്ന്. അദ്ദേഹത്തെ സംബന്ധിച്ചുള്ള കേസ്സുകൾ ട്രിബ്യൂണലിന് മുമ്പാകെ നടന്നുവരികയാണ്. അദ്ദേഹം നിരപരാധിയായി പ്രഖ്യാപിക്കപ്പെടുമെന്നുതന്നെയാണ് പൂർണ്ണമായ പ്രതീക്ഷയെന്നാണ് ഞാൻ പറഞ്ഞത്. അത് പറയാനുള്ള എല്ലാ അവകാശവും എനിക്കുണ്ട്. ഇവിടെ അദ്ദേഹത്തിന്റെ പേർക്ക് ആക്ഷേപമുന്നയിക്കുന്നവർക്ക് അത് പറയാമെങ്കിൽ ഇത് പറയാനുള്ള അവകാശം എനിക്കുമുണ്ട്. അങ്ങനെയുള്ള ഒരു പ്രതീക്ഷയ്ക്ക് എനിക്ക് അവകാശമുണ്ട്. അതുകൊണ്ട് ഇങ്ങനെയുള്ള ആക്ഷേപങ്ങൾ നിരുത്തരവാദപരമായി ഉന്നയിക്കുന്നത് ശരിയല്ലന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. സർ, എന്തുപറഞ്ഞാലും ഇത് ഒരു സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന ഒരു നിയമഭേദഗതിയാണ്. നമ്മുടെ നാട്ടിലെ പൊതുവായ നല്ല കാര്യങ്ങൾ നടത്താൻവേണ്ടി, അതിന്റെ ലാൻഡിന് സർവ്വേ നടത്തുമ്പോഴും അക്വിസിഷൻ നടത്തുമ്പോഴും നടപടിക്രമങ്ങൾ വേഗതയിൽ കൊണ്ടുവരാൻവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി ബിൽ പാസ്സാക്കേണ്ടതാണ്. സബ്ജക്ട് കമ്മറ്റിക്കയക്കണമെന്നുള്ള ഈ പ്രമേയം പാസ്സാക്കിതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സിറിയക് ജോൺ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ ഭൂനികുതിയും, വനവും മൽസ്യബന്ധനവും സംബന്ധിച്ച 2-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്കയക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ 2-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

മി. സ്പീക്കർ : സഭ ഇപ്പോഴം പിരിയുന്നതും, നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്. (1986 നവംബർ 5-ാം തീയതി ബുധനാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ. ഉച്ചയ്ക്കു ശേഷം 1.33-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly